# ആരാണ് അപരാധി?

അലിത്വൻത്വാവി

**പ്രവർത്തിക്കാത്തൊരു** പാപത്തിന്ന് ഇന്നലെ രാത്രി ഞാൻ ശിക്ഷിക്കപ്പെട്ടു. എനിക്ക് സ്വന്തം വീട് വിട്ടു പോവേണ്ടി വന്നു. പാതിരാവരെ വീട്ടിൽ പ്രവേശിക്കാൻ അനുവാദമുണ്ടായിരുന്നില്ല. മകളുടെ വിവാഹത്തോടനുബന്ധിച്ച് നടത്തപ്പെടുന്ന സദ്യയിൽ പങ്കുകൊള്ളാൻ വന്ന മഹിളകളുടെ ഒരു സമ്മേളനസ്ഥലമായിമാറിയിരുന്നു വീട്. കഴിയുമെങ്കിൽ ഞാൻ വീട്ടിൽതന്നെ തങ്ങുമായിരുന്നു. കാരണം ഞാൻ വീടിന്റെ കൂട്ടുകാരനാണ്. പുസ്തകങ്ങൾ എന്റെ ഉത്തമമിത്രങ്ങളുമാണ്. അന്തിമയങ്ങുന്നതിനു മുമ്പ് ഞാൻ വീട്ടിലേക്ക് മടങ്ങാറുണ്ട്. അപൂർവം ചില അവസരങ്ങളിലേ ഉറക്കമൊഴിയാറുള്ളൂ. അതും കവിഞ്ഞാൽ 10 മണി വരെ. പിന്നെ എങ്ങനെ ഞാൻ രാത്രിയുടെ സിംഹഭാഗവും വെളിയിൽ കഴിച്ചുകൂട്ടും? വഴി കാണാതെ ഞാൻ വിഷമിച്ചു. അവസാനം ഒരു ഹോട്ടലിൽ കയറാനായിരുന്നു തീരുമാനം.

അടുത്തുള്ളൊരു ഹോട്ടലിൽ പരുങ്ങലോടെ ഞാൻ കയറി. അവിടെയുള്ളവരെല്ലാം എന്നെ ശ്രദ്ധിച്ചു. ഒരത്ഭുതം കാണുന്നപോലെ തുറിച്ചുനോക്കി.

ആളുകൾക്കിടയിലൂടെ ഹുക്കയും മറ്റു വിനോദ വസ്തുക്കളും ശ്രദ്ധിച്ചുകൊണ്ട് ഞാൻ മുന്നോട്ടു നീങ്ങി. കുറേ ചെന്നപ്പോൾ എന്റെ ഒരു സുഹൃത്ത്! അദ്ദേഹം എഴുന്നേറ്റുവന്ന് സന്തോഷത്തോടെ എന്നെ സ്വീകരിച്ചിരുത്തി.

"നിങ്ങളെ ഇവിടെ കാണാറില്ലല്ലോ? ഇതെന്തുപറ്റി?" വിടർന്ന മിഴികളോടെ അദ്ദേഹം അന്വേഷിച്ചു.

ഞാൻ പറഞ്ഞു: "വിധിയുടെ വികൃതിതന്നെ." സംഭവം അദ്ദേഹത്തിന് വിശദീകരിച്ചുകൊടുത്തു. പിന്നെ ഞങ്ങൾ പലതും സംസാരിച്ചുകൊണ്ടിരുന്നു.

ഞങ്ങളുടെ വലതുഭാഗത്ത് രണ്ടുപേർ 'പകിട' കളിച്ചിരുന്നു. അവർ കുലുക്കി കുത്തുമ്പോഴെല്ലാം വലിയ ശബ്ദത്തിൽ ബോർഡിന്മേൽ ഇടിച്ചുകൊണ്ടിരുന്നു. ആ 'ഇടി' കൾ എന്റെ തലക്കുകൊള്ളുന്നപോലെയാണ് എനിക്കനുഭവപ്പെട്ടത്. ഞങ്ങളുടെ ഇടതുഭാഗത്ത് വേറെ രണ്ടുപേർ 'ശീട്ട്' കളിച്ചിരുന്നു. അവർക്കു ചുറ്റും കുറേ യുവാക്കളും.ഒരു ശീട്ട് കശക്കിയെറിഞ്ഞാൽ മതി, അവർ തുടങ്ങി ആർപ്പും വിളിയും. ചെവി തുളച്ചുകീറുന്ന ശബ്ദത്തിൽ. പിന്നിൽ ഫലിത സമ്രാട്ടുക്കളായ മിടുക്കന്മാരുടെ സഭയാണ്. ആരെങ്കിലും ഒരു ഫലിതം പറഞ്ഞാൽ ഹോട്ടലിനെതന്നെ കുലുക്കിക്കൊണ്ടുള്ള ചിരിയാണ് പിന്നെ. ഇതിനെല്ലാം പുറമെ വേറെയും നിരവധി ശബ്ദകോലാഹലങ്ങൾ......... ഒരു ഭാഗത്ത് റേഡിയോ ചീറുന്ന ശബ്ദത്തിൽ പാടുന്നു. പൊട്ടനെ പ്പോലെ—അല്ല ക്ഷമിക്കണം ചെകിടനെപ്പോലെ! വായിലൂടെയോ മൂക്കിലൂടെയോ പുകതുപ്പാത്ത ഒരുത്തനുമില്ലിവിടെ. എല്ലാം പുകവലിക്കാർ. വായു അശുദ്ധം!

പത്ത് മിനുട്ട് കഴിഞ്ഞില്ല. ഞാനാകെ പുകയിലാണ്ടു. തല കറങ്ങുന്നപോലെ തോന്നി. എന്റെ പേശികൾ വലിഞ്ഞു പൊട്ടുമെന്നായി. ഞാൻ പോവാൻ എഴുന്നേറ്റു. സുഹൃത്ത് ചോദിച്ചു:

"എവിടെപ്പോകുന്നു?"

"എനിക്കല്പം സ്വസ്ഥതയാണാവശ്യം. അതിവിടെയില്ല."

"നിങ്ങളൊന്നും കുടിച്ചില്ലല്ലോ?"

"ഉപദ്രവത്തിന്റെ ചഷകം മതിവരുവോളം കുടിച്ചു. മതി. എന്നെ പോകാൻ അനുവദിക്കൂ. എനിക്കിവിടെ ക്ഷമിച്ചിരിക്കാനാവില്ല."

"എന്നാൽ ഞാനും വരുന്നു."

"നല്ലതു തന്നെ വരൂ."

ഞങ്ങൾ റോഡിലൂടെ, ശുദ്ധവായു ശ്വസിച്ചുകൊണ്ട് ശബ്ദങ്ങളിൽ നിന്ന് സ്വതന്ത്രമായി നടന്നു.

ഞാനന്വേഷിച്ചു: "നിങ്ങൾ ദിവസവും ഹോട്ടലിൽ പോവാറുണ്ടോ ?"

"മിക്ക ദിവസവും."

"എന്തിന്?"

"ഞങ്ങൾ കുടിക്കും, കളിക്കും, സുഹൃത്തുക്കളുമായി വെടിപറഞ്ഞിരിക്കും."

"താങ്കളുടെ വീട്ടിൽ തിന്നാനും കുടിക്കാനുമൊന്നുമില്ലേ? കൂടെ കളിക്കാനും വെടിപറയാനും താങ്കൾക്ക് ഭാര്യയും മക്കളുമില്ലേ?"

"ഹോട്ടലിലെ ഭക്ഷണമാണ് എനിക്കേറ്റവുമിഷ്ടം."

"കാരണം?"

"ഹോട്ടലിൽ ഭക്ഷണത്തോടൊപ്പം ചില വിഭവങ്ങളുമുണ്ടാവും. ചീര, മുള്ളങ്കി, ഉള്ളി അങ്ങനെ പലതും. വീട്ടിലെ ഭക്ഷണത്തിന് ആ രുചി കിട്ടില്ല."

"ഇതൊക്കെ പച്ചക്കറി കടയിൽനിന്നും മറ്റും വാങ്ങാമല്ലോ? വീട്ടിൽ കൊണ്ടുവരാൻ എന്താണ് തടസ്സം? വീട്ടിലുള്ളവരോട് പാകം ചെയ്യാൻ പറഞ്ഞുകൂടെ? എന്നും രാത്രി ഭാര്യയേയും മക്കളേയും ഉപേക്ഷിക്കാൻ മാത്രം അവർ താങ്കളോടെന്തു തെറ്റു ചെയ്തു? വീട് വിട്ടു പോവുന്നതോ, ബഹളമയമായ ഹോട്ടലിലേക്കും. കുട്ടികൾ ഉറങ്ങിക്കഴിഞ്ഞിട്ടേ താങ്കൾ വീട്ടിലേക്ക് മടങ്ങുന്നുള്ളൂ. അവർ മദ്രസയിലേക്ക് പോയിട്ടേ താങ്കൾ ഉണരാറുള്ളൂ. അവർ താങ്കളെ കാണുന്നത് ആഴ്ചയിലൊരിക്കൽ--വെ

ള്ളിയാഴ്ച— മാത്രമാണ്. ഹോട്ടലുകളും കാപ്പിക്ലബുകളും കാരണം, താങ്കളുടെ കുട്ടികൾ പിതാവിനെ കാണാൻ കഴിയാതെ വിഷമിക്കുന്നു. പിതാവ് ജീവിച്ചിരിക്കെ സന്താനങ്ങൾ അനാഥകളാവുന്നു!

അവസാനം നിങ്ങൾ ആവലാതിപ്പെടുന്നു, കുട്ടികൾ പിഴച്ചുവെന്ന്; അവരുടെ സ്വഭാവം ചീത്തയായി എന്ന്; ഭാര്യ അവരുടെ പരിപാലനത്തിൽ ശ്രദ്ധിച്ചില്ലെന്ന്..... സാധുവായ ഭാര്യയുടെ പിരടിയിൽ കിടക്കട്ടെ കുറ്റം മുഴുവൻ. ഭക്ഷണം പാകം ചെയ്യാനും, തീ പൂട്ടാനും , അടിച്ചുവാരാനും കഴുകാനും തുടക്കാനും, കുട്ടികളെ കുളിപ്പിച്ചു ഭക്ഷണം കൊടുത്തുറക്കാനുമെല്ലാം അവൾ മാത്രം. എന്നിട്ടവസാനം താങ്കളവളെ ഒറ്റപ്പെടുത്തുകയും ചെയ്യുന്നു.

ആ സാധു സ്ത്രീ വൈകുവോളം പണിയെടുത്ത്, ശരീരമാകെ തളർന്ന, മനസ്സ് മുഷിഞ്ഞ്, ചൈതന്യം നഷ്ടപ്പെട്ട് താങ്കൾ സമാധാനം പകരാൻ വരുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് കാത്തിരിക്കുന്നു. താങ്കളോ? ഹോട്ടലിലേക്ക് കയറിപ്പോകുന്നു.

''നിങ്ങളിങ്ങനെ പറയരുത്'' അദ്ദേഹം പറഞ്ഞു: "നിങ്ങളൊരു ജഡ്ജിയാണ്, എന്നിട്ടുമെന്റെ വാദം കേൾക്കാതെ എനിക്കെതിരിൽ വിധിക്കുന്നു. ഞാൻ വീട്ടിൽനിന്ന് ഓടിപ്പോവുന്നുവെന്ന് പറഞ്ഞത് ശരിയാണ്. വീട് നരകതുല്യമായതുകൊണ്ടല്ലേ ഞാനോടിപ്പോവുന്നത്. ഹോട്ടലുകളിലും ക്ലബുകളിലും കയറി സമയം കൊല്ലുന്നവരുടെയൊക്കെ വീടുകൾ സ്വർഗമയമാണെങ്കിൽ അതുപേക്ഷിച്ച് ആരെങ്കിലും പോവുമോ?

"ഞാൻ പകൽമുഴുവൻ ജോലി ചെയ്യുന്നു. പകലോൻ അസ്തമിക്കുമ്പോഴേക്ക് എന്റെ ക്ഷമയും അസ്തമിച്ചിട്ടുണ്ടാവും. മനംമടുത്ത് ഒരാശ്വാസത്തിന് വേണ്ടി വീട്ടിലേക്ക് പോവുന്നു. അവിടെ എന്നെ എതിരേൽക്കുന്നത് ശത്രുതയും യുദ്ധവുമായിരിക്കും."

"അതിഥികളോട് ഭാര്യ ലാഘവത്തോടും ശാലീനതയോടും പെരുമാറുന്നു. എന്നാൽ എന്നോടു കാണിക്കുന്നത് പാരുഷ്യവും കാഠിന്യവുമാണ്. അവൾ പുറത്ത് പോവുമ്പോൾ അന്യർക്ക് അവളുടെ സൗന്ദര്യം പ്രദർശിപ്പിക്കുന്നു. എനിക്ക് അവളുടെ വൈരൂപ്യവും 'കറുത്ത മുഖ' വും. സകല നന്മയും മറ്റുള്ളവർക്ക്..... സകല തിന്മയും എനിക്കും.... ഇവിടെ നിന്നാണ് ഞാൻ ഓടിപ്പോവുന്നത്."

ഞാൻ: "കൂടുതൽ നല്ലതിലേക്കും ആശ്വാസത്തിലേക്കുമാണ് ഓടിപ്പോയിരുന്നതെങ്കിൽ താങ്കൾക്ക് ഒഴിവ് കഴിവ് പറയാമായിരുന്നു. പക്ഷെ, ഈ വൃത്തികെട്ട, സ്വസ്ഥതയില്ലാത്ത ഹോട്ടലുകളിൽ......."

''വീട്ടിലെ ശല്യങ്ങളിൽനിന്നു ഇതിലും വഷളായ ഒരിടത്തേക്കാണ് പോവേണ്ടതെങ്കിലും ഞാൻ പോവാതിരിക്കില്ല." അദ്ദേഹം പറഞ്ഞു.

''ശരി. എന്നാൽ എന്റെ കഥ കേൾക്കണോ? വലിയ വലിയ സമ്മേളനങ്ങളിലേക്ക് ക്ഷണിക്കപ്പെട്ടാൽ പോലും എനിക്ക് വീടാണ് വലുത്. വീടിനേക്കാൾ മുൻഗണന നല്കേണ്ടതായി എനിക്കൊന്നുമില്ല."

"നിങ്ങൾക്കൊരു പക്ഷെ വീട്ടിൽ സമാധാനമുണ്ടാവും. അതുപോലെ എല്ലാവർക്കുമുണ്ടാവുമോ?"

''ശരിയാണ്. ദൈവാനുഗ്രഹത്താൽ എനിക്കവിടെ സമാധാനമുണ്ട്."

"എല്ലാവരും നിങ്ങളെപ്പോലെയാണെന്ന് കരുതുന്നുണ്ടോ? നിങ്ങളുടെ വീട്ടുകാരിയെപ്പോലെ എല്ലാവരുടേയും വീട്ടുകാർ ഭർത്താവിന് മനസ്സമാധാനവും സന്തോഷവും നല്കുമെന്നാണോ നിങ്ങൾ വിചാരിക്കുന്നത്?"

"താങ്കൾ ഭാര്യയെ സന്തോഷിപ്പിക്കാറുണ്ടോ? അവർക്ക് മനസ്സമാധാനമേകാറുണ്ടോ? താങ്കൾക്കവളെ കുറിച്ചുള്ള പോലെ താങ്കളെക്കുറിച്ച് അവൾക്കും ആവലാതിപ്പെടാനുണ്ടാവില്ലേ? കാരുണ്യവും സ്നേഹവും അങ്ങോട്ടു കാണിക്കലാണ് അവ തിരിച്ചു കിട്ടാനുള്ള മാർഗം..... താങ്കളിത് ഒരിക്കലെങ്കിലും പരീക്ഷിച്ചിട്ടുണ്ടോ?"

"ഞാൻ എന്താണ് ചെയ്യേണ്ടത്. അതൊന്നു പറഞ്ഞുതരൂ."

അദ്ദേഹം വളരെയധികം വിഷമിക്കുന്നതായി എനിക്കു തോന്നി. ഞാൻ പറഞ്ഞു: "ഭാര്യക്കും സന്താനങ്ങൾക്കും താങ്കളിൽ ചില അവകാശങ്ങളുണ്ട്. എല്ലാ അവകാശികൾക്കും അവരുടെ അവകാശം നല്കേണ്ടതാണെന്ന് താങ്കൾക്കറിവുള്ളതാണല്ലോ? താങ്കൾ വൈകുന്നേരം ക്ഷീണിച്ചു തളർന്നുകൊണ്ടാണ് വീട്ടിലേക്കു മടങ്ങുന്നതെന്നത് ശരിതന്നെ. താങ്കൾക്ക് വിശ്രമവും സമാധാനവും ആവശ്യമാണ്. പക്ഷെ, താങ്കളുടെ ഭാര്യയും ക്ഷീണിതയാണ്. അവരും വിഷമിച്ചിരിക്കയാണ്. അത് താങ്കളുമറിയണം. അവൾ താങ്കളുടെ വരവും പ്രതീക്ഷിച്ചിരിക്കയാവും. വേദനകൾ പങ്കുവെക്കാൻ; വിഷമങ്ങൾ ഇറക്കിവെക്കാൻ; താങ്കളുടെ ചുമലിൽ തല ചായ്ക്കാൻ; ജീവിത ബുദ്ധിമുട്ടുകളെക്കുറിച്ചു പരസ്പരം സംസാരിക്കാൻ.........

"അവളുടെ ആവശ്യം നിർവഹിക്കാൻ താങ്കൾ സന്നദ്ധനായാൽ താങ്കളുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും അവളും നിറവേറ്റും. താങ്കൾ അവൾക്ക് പണം നൽകേണ്ടതില്ല. താങ്കളുടെ പ്രസന്ന വദനം, മാധുര്യമൂറുന്ന അഭിവാദ്യം അതാണവൾക്കാവശ്യം.താങ്കൾ എത്ര വിഷമത്തിലും ബുദ്ധിമുട്ടിലുമാണെങ്കിലും ഒരു പ്രിയപ്പെട്ട അതിഥി വന്നാൽ, അദ്ദേഹത്തെ സുസ്മരവദനനായി സസന്തോഷം സ്വീകരിക്കാറില്ലേ? ഒരതിഥിയേക്കാൾ നല്ല പെരുമാറ്റത്തിന് അർഹയായി താങ്കളുടെ ഭാര്യയെ എന്തുകൊണ്ട് കാണുന്നില്ല?

"ഭക്ഷണ ശേഷം ഭാര്യയേക്കൂട്ടി സംസാരിക്കാനിരിക്കണം. ഓരോ ദിവസത്തേയും പുതിയ അനുഭവങ്ങൾ പറഞ്ഞുകൊടുക്കണം. അങ്ങനെ സമയം സരസമായി ചെലവഴിച്ചാൽ ഹൃദയത്തിൽ സ്നേഹവും ആനന്ദവും നിറഞ്ഞുകൊള്ളും. താങ്കളെ സന്തോഷിപ്പിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്യുന്ന രസകരമായ പലതും അവളും പറഞ്ഞുതരും. സംഭാഷണം ദ്വേഷിക്കാനോ അകൽച്ചയുണ്ടാക്കാനോ ആവരുത്. അധിക വിഷമങ്ങളും സ്വന്തമായി സൂക്ഷിക്കാൻ ശ്രമിക്കണം. എല്ലാം കൂടി ഭാര്യയോടുപറഞ്ഞിട്ട് കാര്യമൊന്നുമില്ല. എന്നാലോ, ഭാര്യാഭർത്താക്കന്മാർ അമ്പലത്തിലെ ബിംബങ്ങളെപ്പോലെ മിണ്ടാതിരിക്കയും ചെയ്യരുത്. അപൂർവമായി മാത്രം സംസാരിക്കയെന്നത് ദാമ്പത്യജീവിതത്തിലെ ഒരു പരാജയമാണ്. ഇങ്ങനെ സംഭവിക്കുന്നത് സംസാരമെല്ലാം തീർന്നുപോയതുകൊണ്ടല്ല. സംസാരിക്കാനുദ്ദേശ്യമില്ലാത്തതുകൊണ്ടാണ്. സംസാരം ഒരിക്കലും തീർന്നുപോവുകയില്ല. അന്യോന്യം മിണ്ടാതിരിക്കുന്ന ഭാര്യാഭർത്താക്കന്മാരുടെ അടുത്ത് കൂട്ടുകാരോ, ബന്ധുക്കളോ വന്നാൽ കാണാം അവരുടെ വാഗ്വിലാസം. സംസാരത്തിന്റെ പ്രവാഹം കൊണ്ട് വന്നവർ ശ്വാസംമുട്ടിപ്പോവും.

"എവിടെയോ വായിച്ച ഒരു സംഭവമോർക്കുന്നു. വൃദ്ധരായ രണ്ടു ദമ്പതികൾ വെറുതെയിരിക്കുമ്പോഴെല്ലാം എന്തോ സ്വകാര്യം പറഞ്ഞ് കുടുകുടെ

ചിരിക്കാറുണ്ടായിരുന്നു. ഇത്തരം രസികൻ വർത്തമാനങ്ങൾ എപ്പോഴുമെവിടെ നിന്നാണ് ലഭിക്കുന്നതെന്ന് ആരോ അന്വേഷിച്ചപ്പോൾ വൃദ്ധൻ പറയുകയാണ്: മൗനമാചരിക്കരുതെന്നാണ് ഞങ്ങളുടെ തീരുമാനം. ഒന്നും പറയാനില്ലെങ്കിൽ ഞാൻ അവളുടെ ചെവിയിൽ മന്ത്രിക്കും: "ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്" എന്ന്. അവൾ എന്റെ ചെവിയിൽ മന്ത്രിക്കും. "ആറ്, ഏഴ്, എട്ട്, ഒമ്പത്, പത്ത്" എന്ന്. ഇതു പറഞ്ഞ് ചിരിക്കാൻ തുടങ്ങിയാൽമതി..... പിന്നെ വിഷയങ്ങളുടെ ഘോഷയാത്രയാണ്.

"ദിവസം മുഴുവൻ വെടിപറഞ്ഞ് കൂടണമെന്ന് ഞാൻ ഭാര്യാഭർത്താക്കന്മാരെ ഉപദേശിക്കുകയില്ല. കുറച്ചു സമയത്തെ സംഭാഷണാനന്തരം ഭർത്താവിന് വായിക്കാനോ എഴുതാനോ പോവാം. ഭാര്യക്ക് തുന്നുകയോ നെയ്യുകയോ ചെയ്യാം."

"എന്റെ അഭിപ്രായത്തിൽ ഇതിനേക്കാളെല്ലാം നല്ലത് ഭർത്താവ് ഒരു നല്ല ഗ്രന്ഥം-- ''റിയാളുസ്സാലിഹീൻ'' പോലുള്ള ഹദീസ് ഗ്രന്ഥങ്ങളോ മറ്റ് ചരിത്ര ഗ്രന്ഥങ്ങളോ – തെരഞ്ഞെടുത്ത് ഭാര്യയേയും സന്താനങ്ങളേയും വിളിച്ചിരുത്തിക്കൊണ്ട് ദിവസവും ഓരോ പേജ് വായിച്ചു വിശദീകരിക്കുക എന്നതാണ്. പഠിച്ചത് പ്രവൃത്തി പഥത്തിൽ കൊണ്ടുവരുന്നതോടെ മറ്റുള്ളവരേയും അതുപദേശിക്കുക. വർജ്ജിക്കേണ്ട കാര്യമാണ് പഠിച്ചതെങ്കിൽ അതിൽനിന്നകലാൻ കൂട്ടായി ശ്രമിക്കുക. അങ്ങനെയായാൽ എല്ലാവർക്കും വിജ്ഞാനങ്ങളും സൽക്കർമ്മങ്ങളും വർദ്ധിക്കുന്നു. സംസാരിക്കാനും ചർച്ച ചെയ്യാനും കഴിവുണ്ടാവുന്നു. ഇണക്കവും രഞ്ജിപ്പും ഉൽഭൂതമാവാനും അതുമുഖേന കുടുംബത്തിൽ ശാന്തിയും സമാധാനവും കളിയാടാനും ഏറ്റവും നല്ലമാർഗമിതാണ്."

"മഹാത്മാവേ," അദ്ദേഹമെന്നെ പരിഹസിച്ചുകൊണ്ടു പറഞ്ഞു: നിങ്ങളൊരു ഭാഗത്ത് ഞാൻ മറ്റൊരു ഭാഗത്തും. നിങ്ങൾ ഭാവനകൾ നെയ്യുന്നു. പ്രയോഗിക രംഗം മറന്നവനെപ്പോലെ. ജനങ്ങളുടെ യഥാർത്ഥ സ്ഥിതിഗതികൾ നിങ്ങൾക്കറിയില്ല. നമ്മുടെ സ്ത്രീകൾ ബുദ്ധിമതികളും പണ്ഡിതകളും യുക്തിവിചാരത്തോടെ സംസാരിക്കുന്നവരുമാണെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? സംസാരത്തിലെ പോയന്റുകളും മർമ്മങ്ങളും അവർക്ക് മനസ്സിലാകുമോ? ഞാൻ പഠിഞ്ഞാറുഭാഗത്തുനിന്ന് സംസാരിക്കുമ്പോൾ അവൾ കിഴക്കു ഭാഗത്തുനിന്ന് മറുപടി പറയും. ഞാൻ രസിപ്പിക്കുന്ന തമാശകൾ പറഞ്ഞാൽ അവൾ നീരസത്തോടെ മുഖം ചിളിക്കും. ഞാൻ ഓഫീസിൽനിന്ന് വരുമ്പോൾ വീട്ടുജോലികൾ നിർത്തിവെക്കണമെന്നും, അവളും സന്താനങ്ങളും നല്ല വസ്ത്രങ്ങൾ ധരിക്കണമെന്നും ഭർത്താവിന്റെ ഹിതമനുസരിച്ച് പ്രവർത്തിക്കണമെന്നും ഞാൻ ഉപദേശിക്കാറുണ്ട്. ഭക്ഷണത്തളികയും മറ്റു വീട്ടുപകരണങ്ങളും അടുക്കും ചിട്ടയുമനുസരിച്ച് വെക്കണമെന്ന് പറയാറുണ്ട്. ഭർത്താവിനെ സന്തോഷത്തോടും പുഞ്ചിരിയോടും സ്വീകരിക്കണമെന്ന് ഗുണദോഷിക്കാറുണ്ട് .

"വീട്ടിൽ ശാന്തിയും സമാധാനവുമുണ്ടെങ്കിൽ ക്ലബുകളും ഹോട്ടലുകളും ആരന്വേഷിക്കാനാണ്? എല്ലാവർക്കും വീട്ടിൽ തന്നെ ആശ്വാസവും വിശ്രമവും ലഭിച്ചാൽ ഹോട്ടലുകളും ക്ലബുകളും കാലിയാവും. പിന്നെയവ പൂട്ടിയിടേണ്ടി വരും. യഥാർത്ഥത്തിൽ കുറ്റം മുഴുവനും സ്ത്രീയുടെ പക്ഷത്താണ്. അവളാണ് ഭർത്താവിനെ വീട്ടിൽനിന്നകറ്റുന്നത്. വീടിനോടുള്ള സ്നേഹം അവൾ കുറക്കുന്നു. ഭർത്താവ് പാതിരാത്രി വരെ അങ്ങാടിയിൽ അലയാൻ കാരണമാവുന്നു. അങ്ങനെ ഭർത്താവിനും അവൾക്കും കുടുംബത്തിനും നാശം വരുത്തിവെക്കുന്നു."

ഞാൻ പറഞ്ഞു:"എന്റെ വ്യക്തമായ അഭിപ്രായം ഗുണവും ദോഷവും പുരുഷന്റെ ഭാഗത്തുനിന്ന് ഉത്ഭവിക്കുന്നുവെന്നാണ്. നമ്മുടെ സ്ത്രീകൾ മറ്റു സ്ത്രീകളേക്കാൾ എന്തുകൊണ്ടും നല്ലവരാണ്. അനുസരണമുള്ളവരും നിഷ്കളങ്കരുമാണ്. പക്ഷെ.... അവരിലെ നന്മയുടെ വശം എങ്ങനെ ഉപകാരപ്രദമാക്കണമെന്ന് പുരുഷന്മാർക്കറിയില്ല. അതിനാൽ പുരുഷനാണ് എല്ലാറ്റിന്റേയും ഉത്തരവാദി. ആദ്യകാലങ്ങളിൽ പിതാവും പിന്നീട് ഭർത്താവും. ചീത്തയായത് പുരുഷൻ നന്നാക്കണം. മോശപ്പെട്ടത് ശരിയാക്കണം. അതവന്റെ ബാദ്ധ്യതയാണ്."

"നിങ്ങൾ പുരുഷന്മാരെ കുറ്റപ്പെടുത്തുന്നു. തെറ്റ് മുഴുവൻ സ്ത്രീകളിലാണുള്ളത്." അദ്ദേഹം വീണ്ടും തന്റെ അഭിപ്രായം തറപ്പിച്ചു പറഞ്ഞു.

* * * * *

ഞാൻ വളരെയേറെ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. അറേബ്യൻ നാടുകളിൽ കാണുന്നപോലെയുള്ള ഹോട്ടലുകൾ ഞാനിവിടെയൊന്നും കണ്ടില്ല. ഹോട്ടലുകളിൽ ആയിരക്കണക്കിനാളുകൾ ഒരു കാര്യവും ചെയ്യാതെ നീണ്ട രാത്രികൾ ചെലവഴിക്കുന്നു. വെറുതെ ശരീരാരോഗ്യം നശിപ്പിക്കുന്നു. ഭാര്യമാരോട്, അവരുടെ വിചാര വികാരങ്ങൾ അവഗണിച്ചുകൊണ്ട്, അക്രമം പ്രവർത്തിക്കുന്നു. തങ്ങളുടെ സന്താനങ്ങളുടെ പരിപാലനത്തിൽ ശ്രദ്ധിക്കാതിരിക്കുന്നു. പോരാ, അവർ സമുദായത്തിന്നും നാട്ടിന്നും ദോഷം വരുത്തിവെക്കുന്നു............ സമുദായം അതിന്റെ പൂർവിക 'മാഹാത്മ്യം' വീണ്ടെടുക്കാൻ ശ്രമിച്ചുവരുന്ന ഈ അവസരത്തിൽ ഇസ്‌ലാമിന്റെ സന്താനങ്ങളിലൊരാളും അവരുടെ വിലപ്പെട്ട സമയം പാഴാക്കരുത്. അവരുടെ ത്യാഗപരിശ്രമങ്ങൾ വൃഥാവിലാവരുത്. സമയവും പരിശ്രമങ്ങളുമെല്ലാം സമുദായത്തിന്ന് വേണ്ടി അർപ്പിക്കണം. കുടുംബങ്ങൾ ശിഥിലമാവുന്നതിന്ന്, നഷ്ടമാവുന്നതിന്ന്, കുഞ്ഞുങ്ങൾ വഴിപിഴച്ചു പോകുന്നതിന്ന്, ആരാണുത്തരവാദി?

എന്റെ സുഹൃത്ത് പറയുന്നപോലെ സ്ത്രീകളോ? അതോ പുരുഷന്മാരോ?

വായനക്കാർ തന്നെ ചിന്തിക്കട്ടെ!

(വിവ: എ. ആർ. ശാന്തപുരം)